<u>പതിനാലാം കേരള നിയമസഭ</u>
<u>പത്താം സമ്മേളനം</u>

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2482.** **09.03.2018 ൽ മറുപടിയ്ക്ക്**

**<u>മദ്യത്തിന്റെ ലഭ്യതയും ഉപയോഗവും കുറയ്ക്കുന്നതിന് നടപടി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.പി.ടി.തോമസ്** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഗുരുതരമായ സാമൂഹിക വിപത്തായി മാറിയ മദ്യത്തിന്റെ ലഭ്യതയും ഉപയോഗവും പടിപടിയായി കുറയ്ക്കുവാൻ സഹായകരമായ നയം സ്വീകരിക്കുമെന്ന വാഗ്ദാനം പാലിക്കുന്നതിന്റെ ഭാഗമായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്നറിയിക്കാമോ; | (എ) | ലഹരിമുക്ത കേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ 'വിമുക്തി' എന്ന പേരിൽ കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ രൂപീകരിച്ച് ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ലഹരിക്കെതിരെ കായിക ലഹരി എന്ന സന്ദേശം ഉയർത്തിപ്പിടിച്ചുകൊണ്ട് കുട്ടികളെയും യുവാക്കളെയും കായികരംഗത്തേയ്ക്ക് കൈപിടിച്ച് നയിക്കുന്നതിനായുള്ള പ്രവർത്തനങ്ങളും ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. ലഹരിയ്ക്ക് അടിമപ്പെട്ടവരെ കൗൺസിലിംഗിലൂടെയും അവശ്യമായ ചികിത്സ നല്കിയും സാധാരണ ജീവിതത്തിലേയ്ക്ക് മടക്കിക്കൊണ്ടു വരുന്നതിനായുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. വിമുക്തി മിഷന്റെ ഭാഗമായി ആരോഗ്യവകുപ്പുമായി സഹകരിച്ച് കേരളത്തിലെ പതിനാലു ജില്ലകളിലും ഡീ-അഡിക്ഷൻ സെൻററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് രണ്ടിടങ്ങളിലായി രാവിലെ എട്ടു മണി മുതൽ രാത്രി എട്ടുമണി വരെ ടോൾ ഫ്രീ നമ്പറിലുള്ള ടെലഫോൺ വഴിയും ആവശ്യമെങ്കിൽ നേരിട്ടും കൗൺസിലിങ്ങ് ലഭ്യമാകുന്ന തരത്തിൽ രണ്ട് കൗൺസിലിംഗ് സെൻററുകൾ ആരംഭിക്കുന്നതിനും പദ്ധതിയുണ്ട്. കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ ആരംഭിക്കുവാനുദ്ദേശിക്കുന്ന ഡീ-അഡിക്ഷൻ സെൻറർ അന്താരാഷ്ട്ര നിലവാരത്തിലുള്ളതും നിംഹാൻസ് മാതൃകയിലും ആയിരിക്കും. ലഹരി മോചന ചികിത്സാകേന്ദ്രം ആരംഭിക്കുന്നതിന് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ അധീനതയിലുള്ള ഭൂമിയിൽ നിന്നും ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ബോധവത്കരണ |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങളുടെ ഭാഗമായി പത്തൊൻപത് വയസ്സിൽ താഴെ പ്രായമുള്ള സ്കൂൾ തല സീനിയർ ആൺകുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് ജനുവരി മാസത്തിൽ പതിനാല് ജില്ലകളിലുമായി ജില്ലാതല കബഡി മത്സരങ്ങൾ സംഘടിപ്പിക്കുകയും ജില്ലാതല വിജയികളെ പങ്കെടുപ്പിച്ചുകൊണ്ട് മലപ്പുറം ജില്ലയിലെ പൊന്നാനിയിൽ വച്ച് 2018 ജനുവരി 29-ാം തീയതി സംസ്ഥാനതല മത്സരവും നടത്തുകയുണ്ടായി. മാർച്ച് മാസത്തിൽ കേരളത്തിലെ മികച്ച വോളിബോൾ ക്ലബ്ബുകളെ പങ്കെടുപ്പിച്ചുകൊണ്ട് ജില്ലാതലത്തിലും തുടർന്ന് ജില്ലാതല വിജയികളെ പങ്കെടുപ്പിച്ചുകൊണ്ട് ആലപ്പുഴ ജില്ലയിൽ വച്ച് സംസ്ഥാന തലത്തിലും വോളിബോൾ മത്സരം നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഇതിലൂടെ മദ്യ ലഭ്യതയിലും, ഉപഭോഗത്തിലും കുറവ് വന്നിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | കേരള സർക്കാരും എക്സൈസ് വകുപ്പും മദ്യവർജ്ജനം ലക്ഷ്യമാക്കി നടത്തിവരുന്ന വ്യാപകമായ ബോധവത്കരണ പ്രവർത്തിയുടെ ഫലമായി സംസ്ഥാനത്ത് മദ്യ ഉപഭോഗത്തിൽ കുറവ് വന്നിട്ടുണ്ട്. 2016 ഏപ്രിൽ മാസം മുതൽ ഡിസംബർ മാസം വരെയുള്ള കാലയളവിൽ 268.81 ലക്ഷം കെയിസ് ഇന്ത്യൻ നിർമ്മിത വിദേശമദ്യം വിൽപ്പന നടത്തിയ സ്ഥാനത്ത് 2017 ഏപ്രിൽ മാസം മുതൽ ഡിസംബർ മാസം വരെ 237.10 ലക്ഷം കെയിസ് ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ വില്പനയാണ് നടത്തിയത്. അതായത് ഈ കാലയളവിൽ 31.70 ലക്ഷം കെയിസ് ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**